(എ) ഫസ്ൽ 0–ൽ ഈ സംസ്ഥാനത്തുനിന്നും സംഭരിച്ചിട്ടുള്ള നെല്ല് എത്ര പറയാണ്;

(ബി) അതിൽ തിരുവിതാംകൂറിൽ നിന്നും സംഭരിച്ചിട്ടുള്ളതു് എത്ര?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഫ,ന്ദ ര, ര ങ,ന്നുവ പറ.

(ബി) ഴ ങ, 0 ങ, ഴ ന്നുവ പറ.

പറവൂർ സർക്കിളാഫീസർ

*ക ഴ ഫ. (ങ ര) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) പറവൂർ സർക്കിളാഫീസർ കെ. പരമേശ്വരപണിക്കർ പറവൂർ സർക്കിളിൻ കീഴിലുള്ള ആഫീസുകളിലേക്കുള്ള ഉപകരണങ്ങൾ പണിയുന്നതിനായി ഫറഫ-ൽ വല്ല കൺട്രാക്ട്ടും കൊടുത്തിരുന്നോ;

(ബി) ഉണ്ടെങ്കിൽ ആ കൺട്രാക്ട്ടു തുക എന്തായിരുന്നു;

(സി) കൺട്രാക്ടർ ആരായിരുന്നു;

(ഡി) അന്നു പണിയിച്ച സാധനങ്ങളിൽ ഇപ്പോൾ എന്തു ബാക്കിയുണ്ടു്?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ടു്.

(ബി) ഫ, ര ന്നുവ ത്രുപാ.

(സി) ശ്രീ വി. വി. അഗസ്റ്റിൻ, പ്രൊപ്രൈറ്റർ, ഫാഷൻ ഫർണിച്ചർ മാർട്ടു്, ഇടപ്പള്ളി.

(ഡി) അന്നു പണിയിച്ച ഉപകരണങ്ങൾ എല്ലാം അതാതു ആഫീസുകളിൽ ഇപ്പോഴുണ്ടു്.

സ്റ്റേഷനറി സാധനങ്ങൾ

*ക ഴ ന. (ങ ഴ) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

പോലീസു് സ്റ്റേഷനുകളിൽ അത്യാവശ്യത്തിനുപോലും വേണ്ടത്ര സ്റ്റേഷനറി സാധനങ്ങൾ ഇല്ലെന്നുള്ള പരാതി ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

ഉണ്ടു്. അതിനു വേണ്ട പരിഹാരം ഉണ്ടാക്കുന്നതാണു്.

ആശുപത്രി

*ക ഴ ര. (ങ ന) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടിനൽകുമോ.—

(എ) മഞ്ഞുമ്മൽ സെന്റു് ജോസഫ് ആശുപത്രിക്കു് പ്രതിവർഷം എത്ര സംഖ്യയാണു് സഹായധനമായി കൊടുത്തുവരുന്നതു്;

(ബി) എത്ര സംവത്സരക്കാലമായിട്ടു് ഈ സ്ഥാപനം പൊതുജനസേവനം ചെയ്തുവരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രതിവർഷം എത്ര സംഖ്യ ഈ സ്ഥാപനത്തിന്റെ അധികൃതന്മാർ ഇതിന്റെ നടത്തിപ്പിനായി വ്യയം ചെയ്യുന്നുണ്ട്;

(ഡി) നിവേദനങ്ങളും വഴിയും നിയമസഭാചോദ്യങ്ങളും മുഖേനയും ഈ സ്ഥാപനത്തിനു കൂടുതൽ സഹായധനം നൽകണമെന്നു ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഈ) ഉണ്ടെങ്കിൽ എന്തു നടപടിയാണ് ഇതിന്മേൽ എടുത്തിട്ടുള്ളത്?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഒരു ഉദ്യോഗസ്ഥൻ.

(ബി) അറിവില്ല. ഒരു വർഷക്കാലമായി സഹായധനം നൽകിവരുന്നുണ്ട്.

(സി) അറിവില്ല.

(ഡി) ആവശ്യപ്പെട്ടിട്ടുണ്ട്.

(ഈ) അതേപ്പറ്റി ആലോചിക്കുന്നുണ്ട്.

GRADATION OF TRAVANCORE SECRETARIAT STAFF

*275. [60] **Sri. Sree V. Das:** Will the Hon'ble Chief Minister be pleased to state.—

(*a*) whether Mr. Mohamed Sahib was appointed as Special Officer with a special staff to go into the question of gradation of the Travancore Secretariat staff and how long he worked;

(*b*) whether Government considered his recommendation and what action was taken thereon;

(*c*) whether the gradation was arranged in accordance with his list;

(*d*) whether the grievances of the Secretariat staff in respect of their rank were redressed; and

(*e*) whether a revised gradation list was published?

Chief Minister **(Sri. T. K. Narayana Pillai):**

(*a*) Yes, for 3½ months.

(*b*) Government examined the report and forwarded the report and representations received from the staff to the Re-organisation Committee. The Committee could not find time to deal with them. Hence it has been decided to refer the matter to Public Service Commission along with integration proposals.

(*c*), (*d*) and (*e*) Do not arise.

പോലീസു മർദ്ദനം

*ഒ ന്നു. (നക്ഷത്രം) സാഹിബ് ബഹദൂർ വി. ചെല്ലാടി റാവുത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) മട്ടാഞ്ചേരി പോലീസ് ശിക്ഷകളിക്ക ചാർജ്ജു ചെയ്യുന്നതും ശിക്ഷിച്ചതുമായ ഒരു കേസിലെ പ്രതികളെ പോലീസുദ്യോഗസ്ഥൻ ചെയ്തതായി ചീഫ് മന്ത്രി മുമ്പാകെ ഒരു ഡെപ്യൂട്ടേഷൻ വഴി വല്ല പരാതിയും കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ചു എന്തു നടപടി നടത്തി?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) പരാതിയെപ്പറ്റി അന്വേഷണം നടത്തിയതിൽ പോലീസിന്റെ പേരിലുള്ള ആരോപണം അടിസ്ഥാനരഹിതമാണെന്നു കണ്ടു.

LIBRARY ARCHIVES Kerala Legislative Assembly